₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 13
Issue 3

**September 2024**

pages 24

“ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന്, അവന്റെ ദയ എന്നേക്കുമുള്ളത്; ജ്ഞാനത്തോടെ ആകാശങ്ങളെ ഉണ്ടാക്കിയവന്, അവന്റെ ദയ എന്നേക്കുമുള്ളത്; ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവന്, അവന്റെ ദയ എന്നേക്കുമുള്ളത്; വലിയ വെളിച്ചങ്ങളെ ഉണ്ടാക്കിയവന്, അവന്റെ ദയ എന്നേക്കുമുള്ളത്”

**(സങ്കീർത്തനങ്ങൾ 136:4–7)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

Volume 13 Issue 3 September 2024 pages 24 Rs.5/



**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 153**

## ഉള്ളടക്കം

പേജ്


- ദൈവത്തെ കുറ്റം പറയുന്നവരോട് 3
- പ്രതികരണങ്ങൾ 6
- ആസ്യയിലെ ഏഴ് സഭകൾ (7) 7
- കെ. വി. ഐസക്ക് (അഭിമുഖം)(6) 10
- യോനാ (പുസ്തകപഠനം) (4) 14
- ഇമ്മാനുവിന്റെ സംശയങ്ങൾ (44) 17
- ദൈവദാസൻ (ചെറുകഥ) 20
- ഓരോരോ ജന്മങ്ങള് (17) 22
- ഓണവും കൊള്ളയും 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ദൈവത്തെ കുറ്റം പറയുന്നവരോട്...

2024 ജൂലൈ 30 –ന് വയനാട്ടിലുണ്ടായ ഉരുൾപൊട്ടലും അനന്തരഫലങ്ങളും സങ്കടത്തിന്റെ തീരാമുറിവുകളാണ് നമ്മുടെ ഹൃദയത്തിലുണ്ടാക്കിയത്. രാത്രിയിൽ എല്ലാവരും സ്വസ്ഥമായി കിടന്നുറങ്ങുമ്പോൾ, കലിതുള്ളിക്കൊണ്ട് പ്രകൃതിയുണ്ടാക്കിയ പ്രകമ്പനം നിമിത്തം ഒരുപാട് പേരുടെ ജീവനും സ്വപ്നങ്ങളും തകർന്നുതരിപ്പണമായി. മരിച്ചവർക്കുവേണ്ടി വിലപിക്കുവാൻ സ്വന്തക്കാർ ആരും ഇല്ലാത്ത അവസ്ഥപോലും ഉണ്ടായി! പലരുടെയും മൃതദേഹങ്ങൾ ലഭിച്ചത് കിലോമീറ്ററുകൾ അപ്പുറത്ത് ചാലിയാർപുഴയിൽനിന്ന്! അതും മൃതദേഹത്തിന്റെ ഓരോ ഭാഗങ്ങൾ മാത്രം! ചിലരുടെ മൃതദേഹം കിട്ടിയതുമില്ല.

2018 ൽ തൃശ്ശൂരിലെ കുറാഞ്ചേരിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ പൊലിഞ്ഞത് 19 ജീവനുകൾ...തൊട്ടടുത്ത വർഷം മലപ്പുറത്തെ കവളപ്പാറയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ കവർന്നെടുക്കപ്പെട്ടത് 59 ജീവനുകൾ... ഈ വിധമുള്ള എല്ലാ കണക്കുകളെയും തെറ്റിച്ചുകൊണ്ടാണ് വയനാട്ടിലെ ഉരുൾപൊട്ടൽ സംഹാരതാണ്ഡവമാടിയത്. 400–ലധികം ആളുകൾ കൊല്ലപ്പെട്ടു. 400–ഓളം ആളുകൾക്ക് പരുക്കേറ്റു. നൂറിലധികം ആളുകളെ കാണാതായി. ഏകദേശം 1200 കോടി രൂപയുടെ നഷ്ടമാണ് ഈ ദുരന്തം വരുത്തിവച്ചത്.

രാഹുൽഗാന്ധി പ്രതിനിധാനം ചെയ്ത മണ്ഡലമായതുകൊണ്ട് മുമ്പേ തന്നെ ദേശീയശ്രദ്ധ പിടിച്ചുപറ്റിയ സ്ഥലമാണ് വയനാട്. കേരളത്തിൽനിന്നുള്ള എംപിമാർ വയനാടിനുവേണ്ടി ലോകസഭയിൽ ശബ്ദമുയർത്തി. പ്രധാനമന്ത്രി ഉൾപ്പെടെ പല നേതാക്കന്മാരും വയനാട്ടിലെ ദുരന്തമുഖം നേരിട്ട് സന്ദർശിച്ചു. കേരളത്തിന്റെ സങ്കടമായി മാത്രം ഒതുങ്ങാതെ വയനാട് അങ്ങനെ ഇന്ത്യയുടെ മുഴുവൻ സങ്കടമായി മാറി. സുമനസ്സുകൾ സഹായഹസ്തങ്ങളുമായി മുന്നോട്ടു വന്നുവെങ്കിലും തീരാനഷ്ടങ്ങളുടെ കണക്കുകൾ മായാതെ എന്നും നിലനിൽക്കും.

**ദൈവം എവിടെയായിരുന്നു?**

വയനാട്ടിൽ ഇത്രയും നാശം വിതച്ച ദുരന്തം നടക്കുമ്പോൾ ദൈവം എവിടെയായിരുന്നു? ദൈവം എന്തു ചെയ്യുകയായിരുന്നു? ദൈവത്തിന് ഈ

ദുരന്തം തടയാൻ കഴിയാഞ്ഞത് എന്തുകൊണ്ട്? ഈ നാളുകളിൽ പലരും ചോദിച്ച ചോദ്യങ്ങളാണിത്. ഈ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ദൈവമില്ലെന്നു തെളിയിക്കാനും ദൈവവിശ്വാസികളെ പരിഹസിക്കാനുമാണ് അവർ തുനിഞ്ഞത്. ദുരന്തത്തിന്റെ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കാതെ സ്രഷ്ടാവായ ദൈവത്തിന്റെ മേൽ കുതിരകയറുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

**ദൈവം ഇവിടെ കുറ്റക്കാരനല്ല**

വയനാട്ദുരന്തത്തിന്റെ പേരിലെന്നല്ല ഒന്നിന്റെ പേരിലും വിമർശിക്കപ്പെടേണ്ടവനല്ല ദൈവം. സർവശക്തനും സർവജ്ഞാനിയും നിത്യനുമായ ദൈവത്തെ വിമർശിക്കാൻ മനുഷ്യന് എന്തു യോഗ്യതയാണുള്ളത്? ശിക്ഷാവിധിയുടെ ഭാഗമായി ചിലപ്പോൾ ദൈവം പ്രകൃതിയുടെ താളം തെറ്റിക്കാറുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയവും, സൊദോം ഗൊമോറയിൽ നടന്ന ഗന്ധകവർഷവും, കോരഹിനെയും കൂട്ടരെയും വിഴുങ്ങാൻ ഭൂമി പിളർന്നതുമെല്ലാം അത്തരം സംഭവങ്ങളാണ്. ദൈവത്തെ കൂട്ടാക്കാത്തവരെ ദൈവം നശിപ്പിച്ചുകളയുന്നതിന് ഉദാഹരണങ്ങളാണ് ഇതെല്ലാം.

പക്ഷേ, രണ്ട് വയസ്സിനു താഴെയുള്ള ആൺകുഞ്ഞുങ്ങളെ ഹെരോദാവ് കൊല്ലിച്ചതിന് ദൈവത്തിനെ എന്തിന് പഴിക്കുന്നു? അത് ചെയ്തത് ദൈവമല്ലല്ലോ, ഹെരോദാവും പിശാചുമല്ലേ? അവരെ കുറ്റം പറയാതെ ദൈവത്തെ വിമർശിക്കുന്നത് എന്തിന്? ദൈവത്തിന് അത് തടയാമായിരുന്നില്ലേ എന്നാണ് അടുത്ത ചോദ്യം. ദേ, പിന്നെയും ദൈവത്തെ കുറ്റം പറയുന്നു! ആ അക്രമം തടയാത്ത ദൈവത്ത വിമർശിക്കുന്നതിനു മുമ്പ് ആ ക്രൂരകൃത്യം ചെയ്ത ഹെരോദാവിനെയും ഹെരോദാവിനെക്കൊണ്ട് അത് ചെയ്യിച്ച പിശാചിനെയും നിങ്ങൾ വിമർശിക്കാത്തതെന്ത്?

ഡ്രൈവർ ഉറങ്ങിയതുനിമിത്തമുള്ള വാഹനാപകടത്തിൽ കൊല്ലപ്പെട്ടവരെക്കുറിച്ചുള്ള വാർത്ത കാണുമ്പോൾ ദൈവം ഇതൊന്നും കാണുന്നില്ലേ? ദൈവം എത്ര ക്രൂരനാണ്? എന്നൊക്കെ ചോദിക്കുന്നവരുണ്ട്. ദൈവമല്ല അവിടെ വിമർശിക്കപ്പെടേണ്ടത്. ഉറങ്ങിയ ഡ്രൈവറും അദ്ദേഹത്തിന് ശരിയായി ഉറങ്ങാൻ സാഹചര്യമൊരുക്കാത്തവരുമെല്ലാമാണ് വിമർശിക്കപ്പെടേണ്ടത്. ഇവിടെയെല്ലാം ദൈവം എന്ത് പിഴച്ചു? യഥാർത്ഥ കുറ്റക്കാരെ വിമർശിക്കാതെ എല്ലാറ്റിനും ദൈവത്തിന്റെ നേരെ ചോദ്യചിഹ്നം എറിയുന്നത് എന്തിനാണ്?

വയനാടിന്റെ കാര്യം തന്നെ ചിന്തിക്കൂ. വനനശീകരണം, അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയെല്ലാം അവിടത്തെ പ്രകൃതിയുടെ സ്വാഭാവികമായ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നവ

യായിരുന്നില്ലേ? ഇതിനെല്ലാം ദൈവമാണോ ഉത്തരവാദി? പരിസ്ഥിതിപഠനം നടത്തുന്നവർ എത്രയോ തവണ മുന്നറിയിപ്പ് തന്നതാണ്? ആ മുന്നറിയിപ്പുകളെല്ലാം അവഗണിച്ചില്ലേ? അതിനും ദൈവമാണോ ഉത്തരവാദി? ചുരുക്കിപ്പറഞ്ഞാൽ, വയനാടിൽ സംഭവിച്ചത് ദൈവിക ശിക്ഷാവിധിയുടെ പ്രദർശനമല്ല, മനുഷ്യന്റെ ശ്രദ്ധയില്ലായ്മയും ഉത്തരവാദിത്തമില്ലായ്മയും നിമിത്തം സ്വയം വരുത്തിവച്ച വിനയാണ്.

**ദുരന്തം തരുന്ന പാഠങ്ങൾ**

വയനാട്ദുരന്തം നമ്മെ ചിലതൊക്കെ പഠിപ്പിക്കുന്നുണ്ട്:

(1) മനുഷ്യജീവിതം അനിശ്ചിതത്വം നിറഞ്ഞതാണ്. എപ്പോൾ, എന്ത് വേണമെങ്കിലും സംഭവിക്കാം. എന്താണ് സംഭവിക്കുന്നത് എന്നുപോലും മനസ്സിലാക്കാൻ അവസരം ലഭിക്കാതെ, ഒന്ന് കരയാൻ പോലും അവസരം ലഭിക്കാതെ എത്രയോ പേരാണ് ഛിന്നഭിന്നമായി കിലോമീറ്ററുകൾ അപ്പുറത്തേക്ക് ഒഴുകിപ്പോയത്! അതുകൊണ്ട് ഉള്ളകാലം മറ്റുള്ളവരോടുള്ള പകയും വിദ്വേഷവും മറന്ന് ഉത്തരവാദിത്തബോധത്തോടെ ജീവിക്കുക.

(2) മനുഷ്യൻ പ്രകൃതിയോട് ഇണങ്ങി ജീവിക്കണം. പ്രകൃതിയെ വികൃതമാക്കുകയല്ല, പ്രകൃതിയോട് ഇണങ്ങി ജീവിക്കുകയാണ് വേണ്ടത്. ഈ പ്രകൃതിയും പ്രപഞ്ചവുമെല്ലാം ദൈവം സൃഷ്ടിച്ചത് മനുഷ്യന് വേണ്ടിയാണ്. മനുഷ്യന് അത് വേണ്ടുവോളം പ്രയോജനപ്പെടുത്താം. പക്ഷേ അത് വേണ്ടവിധത്തിലായിരിക്കണമെന്നു മാത്രം. മരം മുറിക്കുകയോ വീട് വയ്ക്കുകയോ ഒക്കെയാവാം. പക്ഷേ അതുകൊണ്ട് പ്രകൃതിയുടെ താളം തെറ്റുന്നില്ലെന്ന് നാം ഉറപ്പുവരുത്തണം.

(3) മുന്നറിയിപ്പുകളെ അവഗണിക്കരുത്. ശരിയായ പഠനം നടത്തിയവർ തരുന്ന മുന്നറിയിപ്പുകളെ നാം ഗൗരവത്തിൽ എടുക്കണം. അവയുടെ ശരിതെറ്റുകൾ പരിശോധിക്കണം. അതുമായി ബന്ധപ്പെട്ട സർക്കാർസംവവിധാനങ്ങൾ ഫലകരമായി പ്രവർത്തിക്കണം. ദുരന്തം സംഭവിച്ചതിനുശേഷം പകച്ചുനിൽക്കുന്നതിനേക്കാൾ നല്ലത് ദുരന്തം നാശം വിതയ്ക്കുന്ന സാഹചര്യം വരാതെ നോക്കുന്നതാണ്.

4. ദൈവത്തിൽ ആശ്രയിക്കുക. ദൈവവുമായി രമ്യതയിലായി, അടുത്ത് ജീവിക്കുക. അങ്ങനെയുള്ളവർ പ്രകൃതിദുരന്തത്തിൽ കൊല്ലപ്പെടില്ലെന്നല്ല. ജനിച്ചാൽ ഒരിക്കൽ മരിക്കണം. അത് ഏത് വിധത്തിലുമായിക്കൊള്ളട്ടെ. പക്ഷേ അവർ മരിച്ചാലും ജീവിക്കും. നിത്യജീവന്റെ അവകാശികളായി അവർ കാണപ്പെടും.

**വയനാടിന്റെ വേദനയിൽ ഏതൊരു ഇന്ത്യാക്കാരനെയും**
**പോലെ ഞാനും പങ്കുകൊള്ളുന്നു.** (എംവിഎസ്)

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### K S Abraham, Koovappara, Ernakulam

ഡിയർ ബ്രദർ, ലേഖനങ്ങൾ എല്ലാം നന്നാവുന്നുണ്ട്. അതിന്റെ തനിമ നഷ്ടപ്പെടാതെ ഇന്നും നിലനിർത്തി പോരുന്നത് താങ്കളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായിട്ടുതന്നെ. കർത്താവ് ശക്തിയോടെ ഇനിയും ഉപയോഗിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആശംസകൾ.

**തെരുവ് നായയുടെ കടിയേറ്റ് വീട്ടമ്മ മരിച്ചു. വാക്സിനെടുത്തിട്ടും ഫലമുണ്ടായില്ല.**

പക്ഷിപ്പനി വന്നാൽ ആ പ്രദേശത്തെ മുഴുവൻ താറാവുകളെയും കൊന്നൊടുക്കും. നായ്ക്കൾ കടിച്ച് പേവിഷബാധയേറ്റ് മനുഷ്യർ മരിക്കുമ്പോൾ, അലഞ്ഞ്തിരിഞ്ഞ് നാടിനും നാട്ടുകാർക്കും ഭീഷണിയായി നടക്കുന്ന തെരുവുപട്ടികളെ കൊല്ലാൻ ഇവിടെ നിയമമില്ല. വീട്ടമ്മയേക്കാൾ മൂല്യം പട്ടിക്കോ?!


## 2024 Youth Camp

## Voice of Gospel Ministries

**Theme:** 'Walking with Jesus'

**Date:** September 16-19 **Venue:** Mundoor Camp Centre

**Age Limit:** 15-30

**Speakers:** Pr. Saju Mavelikkara, Dr. M.V. Sebastian, Pr. Oommen C Abraham, Dr. Sajan C Jacob, Pr. K. V. Daniel, Pr. Lionel Daniel

# ആസ്യയിലെ ഏഴ് സഭകൾ

**7** **വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

---

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

---

### എഫെസൊസ് സഭയ്ക്കുള്ള സന്ദേശം (വെളി. 2:1-7)

**എഫെസൊസ് സഭയുടെ കുറ്റം:**

*എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട് (2:4)*

എഫെസൊസ്സഭയുടെ ഗുണങ്ങളെക്കുറിച്ചാണ് നാം ഇത്രയും നേരം ചിന്തിച്ചത്. ഇപ്പോളിതാ ആ സഭയുടെ കുറ്റത്തെക്കുറിച്ച് കർത്താവ് പറയുന്നു. അധികം കുറ്റങ്ങളൊന്നുമില്ല. ഒരു കുറ്റം മാത്രം! കർത്താവിനോട് പഴയ സ്നേഹം ഇല്ല. അത്ര തന്നെ!

**(1) ഗുണം ആദ്യം, കുറ്റം പിന്നെ**

നല്ലൊരു മാതൃകയാണ് കർത്താവ് ഇവിടെ കാണിച്ചത്. ആദ്യം തന്നെ അവരിലെ ഗുണങ്ങളെക്കുറിച്ച് സംസാരിച്ചു. പിന്നീടാണ് കുറ്റത്തെക്കുറിച്ച് പറയുന്നത്. മനുഷ്യമനസ്സുകളെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള മനഃശ്ശാസ്ത്രജ്ഞന്മാർ പറയുന്ന ഒരാശയമാണിത് - ഗുണത്തെക്കുറിച്ച് ആദ്യം സംസാരിക്കുക. മനുഷ്യനെ സൃഷ്ടിച്ചവനായ കർത്താവിന് ഇതൊന്നും മനഃശ്ശാസ്ത്രജ്ഞന്മാരിൽനിന്നും പഠിക്കേണ്ടതില്ലല്ലോ.

ചിലർ എങ്ങനെയാണെന്നു വച്ചാൽ, ഒരാളിൽ കാണുന്ന ഗുണത്തെക്കുറിച്ച് ഒന്നും പറയില്ല. അത് കേട്ട് അയാളങ്ങനെ സന്തോഷിക്കേണ്ട എന്ന് അസൂയയോടെ ചിന്തിക്കുന്നു. മറ്റ് ചിലരാകട്ടെ ഗുണങ്ങളെക്കുറിച്ച് ഒരാളോട് സംസാരിച്ചാൽ, അയാളെങ്ങാനും നിഗളിച്ചാലോ എന്ന ആശങ്കയാൽ മിണ്ടാതിരിക്കുന്നു. ഈ രണ്ട് കൂട്ടരും ആരിലെങ്കിലും എന്തെങ്കിലും കുറ്റം കണ്ടാൽ അത് ചൂണ്ടിക്കാണിക്കുകയും ചെയ്യും. ഗുണത്തിനു നേരെ മൗനം,

കുറ്റത്തിനു നേരെ വാചാലത! ഒരാളിലെ കുറ്റം ചൂണ്ടിക്കാണിക്കുന്നത് നല്ലത് തന്നെയാണ്. പക്ഷേ അയാളിലെ ഗുണങ്ങളെയും നാം കാണണം. ആ ഗുണങ്ങൾ നാം കണ്ട് മനസ്സിലാക്കി എന്ന് അയാളെ അറിയിക്കുകയും വേണം. അല്ലാതെ, കുറ്റം മാത്രം പറയാൻ വാ തുറക്കുന്ന രീതി ശരിയല്ല.

### (2) കുറ്റം പറയാനുള്ളതുകൊണ്ട് ഗുണത്തിന്റെ മാറ്റ് കുറയുന്നില്ല

"അവൻ കള്ള്കുടിയനാണെങ്കിലും കുടുംബം നന്നായി നോക്കും" എന്ന് ഒരാളെക്കുറിച്ച് പറയുന്നുവെന്ന് കരുതുക. അയാൾ കള്ളുകുടിയനാണ് എന്നത് കുറ്റമാണെങ്കിലും കുടുംബം നന്നായി നോക്കും എന്ന ഗുണത്തിന്റെ തിളക്കത്തിന് കുറവ് വരുന്നില്ല. കർത്താവിനെ നോക്കുക. എഫെസൊസ്സഭയുടെ കുറ്റത്തെ അതിന്റെ ഗൗരവത്തിൽ തന്നെ കർത്താവ് കാണുന്നുണ്ടെങ്കിലും, അവരിലുള്ള ഗുണങ്ങളെക്കുറിച്ച് പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കാൻ കർത്താവ് പ്രത്യേകം ശ്രദ്ധിക്കുന്നു.

ഒരാളിലെ കുറ്റം ചൂണ്ടിക്കാണിക്കുന്നതിനു മുമ്പ് അയാളിലെ ഗുണത്തെക്കുറിച്ചു പറയുക. "മീൻകറി സൂപ്പറാണ്. ചാറെല്ലാം കഷണത്തിൽ പിടിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം എരിവ് അല്പം കൂടിപ്പോയിട്ടുണ്ട്. വേറെ കുഴപ്പമൊന്നുമില്ല." ഈ രീതിയിലുള്ള അവതരണത്തിനു പകരം, "മുളകുംപൊടിയുടെ പാത്രം മീൻകറിയിൽ മറിഞ്ഞുവീണോ?" എന്ന് ചോദിച്ച് പരിഹസിച്ച് കുത്തുന്നത് വിപരീതഫലമേ ഉളവാക്കുകയുള്ളൂ.

### (3) ഗുണങ്ങൾ ഉള്ളതുകൊണ്ട് കുറ്റത്തിന്റെ ഗൗരവം കുറയുന്നില്ല

നമ്മിൽ എത്ര ഗുണങ്ങൾ ഉണ്ടെങ്കിലും കുറ്റത്തിന്റെ കനം അതുകൊണ്ട് കുറയുന്നില്ല. തെറ്റ് എല്ലായ്പോഴും തെറ്റ് തന്നെയാണ്. ഗുണങ്ങളുടെ ആധിക്യംകൊണ്ട് തെറ്റിനെ വെളുപ്പിക്കാനാകില്ല. പരസ്യമായി ആത്മികനായി കാണപ്പെടുന്ന ഒരാൾക്ക് രഹസ്യപാപം ഉണ്ടായിരിക്കാം. പരസ്യമായി അയാൾ സജീവക്രിസ്ത്യാനിയും ആത്മികനും ശാന്തനും വചനപണ്ഡിതനും ഒക്കെയായിരിക്കാം. പക്ഷേ അതുകൊണ്ടൊന്നും അയാളിലെ രഹസ്യപാപത്തിന്റെ ഘനം ഇല്ലാതാവില്ല.

നമ്മിലുള്ള, നമ്മുടെ കുടുംബത്തിലുള്ള, നമ്മുടെ സഭയിലുള്ള ഗുണങ്ങൾ നാം നിലനിർത്തുകയും ഗുണങ്ങളുടെ എണ്ണം കൂട്ടുവാൻ ശ്രമിക്കുകയും വേണം. അതേസമയം, ദോഷങ്ങളുടെ എണ്ണവും കനവും കുറച്ചുവരാൻ പ്രത്യേകം ശ്രദ്ധിക്കണം. ഗുണങ്ങളെയും ദോഷങ്ങളെയും ഉള്ള നിലയിൽ കാണുന്നവനാണ് ദൈവം. അനേകം ഗുണങ്ങൾ മോശെയ്ക്ക് ഉണ്ടായിരുന്നുവെങ്കിലും കനാൻദേശത്ത് കാലുകുത്താൻ ദൈവം മോശെയെ അനുവദിച്ചില്ല എന്ന കാര്യം നാം മറക്കരുത്.

**എന്താണ് എഫെസൊസ്സഭയുടെ കുറ്റം?**

ആദ്യസ്നേഹം ഇല്ല. ഒരു കാലത്ത് അർത്തെമിസ്ദേവിയെ ആരാധിച്ചു വന്നിരുന്നവർ, കർത്താവിന്റെ യാഗത്തെയും സ്നേഹത്തെയും തിരിച്ചറിഞ്ഞപ്പോൾ, അർത്തെമിസ്ദേവിയെ ഉപേക്ഷിച്ച് കർത്താവിനെ രക്ഷകനായി സ്വീകരിച്ചു. പിന്നീടങ്ങോട്ട് അവർ നല്ല ആവേശമുള്ള വിശ്വാസികളായിരുന്നു. നല്ല ഉണർവ്വും ഉന്മേഷവും ഉള്ള വിശ്വാസികളായിരുന്നു. ആ സ്നേഹമാണ് ഇപ്പോൾ അവർക്ക് ഇല്ലാതായിരിക്കുന്നത്. ഇപ്പോഴും അവർ വിശ്വാസികൾ തന്നെയാണ്. കർത്താവിനോട് സ്നേഹവും ഉണ്ട്. പക്ഷേ തുടക്കത്തിൽ കാണിച്ച അത്രയും സ്നേഹം അവർക്ക് ഇപ്പോഴില്ല. ഇതാണ് അവരുടെ മേൽ ചുമത്തിയിരിക്കുന്ന കുറ്റം.

വീണ്ടെടുക്കപ്പെട്ട സകല ദൈവമക്കളും ദൈവത്തോടുള്ള തങ്ങളുടെ ബന്ധത്തിന്റെ തീക്ഷ്ണത എത്രത്തോളമുണ്ടെന്ന് പരിശോധിക്കുന്നത് നല്ലതാണ്. ആദ്യനാളുകളിൽ നാം കാണിച്ച വിശ്വാസതീവ്രത ഇപ്പോഴും നിലനിർത്തുന്നുണ്ടോ എന്നു ചിന്തിക്കുക. പലരുടെയും വിവാഹജീവിതം ഇതുപോലെയാണ്. തുടക്കനാളുകളിൽ കാണിക്കുന്ന സ്നേഹവും ആവേശവും ക്രമേണ കുറഞ്ഞുവരികയും പിന്നീട് ഇല്ലാതാവുകയും ചെയ്യുന്നു. കർത്താവിനോടുള്ള സ്നേഹം കുറഞ്ഞുവരാൻ തുടങ്ങിയാൽ അത് കുറഞ്ഞ് കുറഞ്ഞ് തീർത്തും ഇല്ലാതാവുകയേയുള്ളൂ.

അതുകൊണ്ട് ആ പ്രവണത എത്രയുംവേഗം തിരുത്തേണ്ടതുണ്ട്. കർത്താവിനോട് സ്നേഹം കാണിക്കാൻ പലർക്കും സമയമില്ല. ജീവിതം സുന്ദരമാക്കാനുള്ള നെട്ടോട്ടമാണ് പലർക്കും. അതിനിടയിൽ ബൈബിൾ വായിക്കാനോ ദൈവത്തോട് പ്രാർത്ഥിക്കാനോ സമയമില്ല. സഭയോഗങ്ങൾക്ക് പോകാൻ സമയമില്ല. സഭായോഗങ്ങൾക്ക് പോയാലോ, കർത്തൃമേശ കഴിഞ്ഞാൽ ചാടും. നേരമില്ല. വചനത്തിൽനിന്നുള്ള സന്ദേശം കേൾക്കാൻ നേരമില്ല. (ഞങ്ങളുടെ സഭായോഗത്തിൽ കർത്തൃമേശ അവസാനമാണ്. അതുകൊണ്ട് അവസാനം വരെ ഇരിക്കുന്നവനേ കർത്തൃമേശയിൽ സംബന്ധിക്കാനാകൂ. കർത്തൃമേശ കഴിഞ്ഞ് ഓടിപ്പോകുന്ന പരിപാടി ഇവിടെ നടപ്പില്ല)

കർത്താവിനുവേണ്ടി സമയം നിർബന്ധമായും വേർതിരിക്കണം. കർത്താവിനോടുള്ള സ്നേഹത്തിൽ കുറവ് ഒട്ടും വരരുത്. കർത്താവിനുവേണ്ടി സമയവും പണവും നാം മാറ്റിവയ്ക്കണം. പലരുടെയും ആത്മികജീവിതത്തിന് മൊബൈൽ വലിയ ഒരു തടസ്സവും ശല്യവും ആയിരിക്കുന്നു. ചിലർ ബൈബിൾ കൊണ്ടുവരാതെ മൊബൈൽ കൊണ്ടുവരും. അതിൽ ബൈബിളും പാട്ടുപുസ്തകവും ഒക്കെയുണ്ടത്രേ! ബൈബിൾക്ലാസ്സിന്റെ ഇടയിൽ വാട്സാപും ഫെയ്സ്ബുക്കും ഒക്കെ നോക്കുകയുമാവാം.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി

(6)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 12. വാപ്പലശ്ശേരിയിലും എളനാടും സഭകൾ രൂപം കൊള്ളുന്നു

### *(1) വാപ്പലശ്ശേരിയിൽ*

1986-87 കാലത്ത് അങ്കമാലിയിലെ ടൗൺസഭ നടത്തിവന്നിരുന്ന ഭവന സന്ദർശനത്തിൽ ഞാനും പങ്കെടുക്കുമായിരുന്നു. അനുധാവനപ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് അവിടെയുള്ള മൂപ്പന്മാരുമായി സംസാരിച്ചു. "ചില ആളുകളെല്ലാം താത്പര്യം കാണിച്ചിട്ടുണ്ട്. അതുകൊണ്ട് തുടർപ്രവർത്തനങ്ങൾ നല്ലതാണ്" എന്ന് ഞാൻ അഭിപ്രായം പറഞ്ഞു. അപ്പോൾ അവിടെയുള്ള മൂപ്പൻ എന്നോട്, "ഐസക്ക്സഹോദരന് ഇവിടെ വന്ന് പ്രവർത്തിക്കാൻ കഴിയുമോ?" എന്നു ചോദിച്ചു.

അന്ന് ചുവന്നമണ്ണ് സഭയുടെ ആരംഭകാലമാണ്. അവിടെ വിശ്വാസികൾ വന്നുതുടങ്ങിയിട്ടേയുള്ളൂ. അതുകൊണ്ട് ഞാൻ പറഞ്ഞു, "ആഴ്ചയിൽ ഒരു ദിവസം ഞാൻ വരാം, ചൊവ്വാഴ്ചകളിൽ. പക്ഷേ ഒരു കാര്യം. ഞാൻ വരുമ്പോൾ ഈ സ്ഥലം സഭയിലെ ഏതെങ്കിലും വിശ്വാസികൾ എന്റെ കൂടെ വരണം. അല്ലാതെ ഞാൻ ഒരാളെ കൂട്ടിക്കൊണ്ട് വന്ന് ഇവിടെ വേല ചെയ്തു പോകുന്നത് പ്രായോഗികമല്ല" അവർക്ക് അത് സമ്മതമായിരുന്നു. അതനുസരിച്ച് ഒരു ചൊവ്വാഴ്ച ഞാൻ ചെന്നു. അവിടെയുള്ള ഇ. പി. സാംകുട്ടി സഹോദരൻ തന്റെ മാരുതി കാറുമായി വന്നു. വാപ്പലശ്ശേരിയിൽ ഭവനസന്ദർശനം നടത്താനാണ് തീരുമാനം.

ഞങ്ങൾ രണ്ടുപേരും ഒരു വീട്ടിലേക്ക് ചെല്ലുമ്പോൾ, ആ വീട്ടിലെ രണ്ടു പേർ തമ്മിൽ ഉഗ്രവഴക്കായിരുന്നു. അപ്പനും മകനുമാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. അവർ പരസ്പരം പറഞ്ഞിരുന്ന ഭാഷ ഇവിടെ പറയാൻ പറ്റില്ല. ഞങ്ങൾ ആ വീട്ടുമുറ്റത്ത് നിന്നു. ഏതാണ്ട് അരമണിക്കൂർ അവിടെ ഞങ്ങൾ നിന്നുകാണും. സാംകുട്ടിസഹോദരൻ എന്നോട് പറഞ്ഞു: "ഐസക്ക്സഹോദരാ, നമ്മള് ഇവിടെ നിന്നുകൊണ്ട് അവർ പറയുന്ന ചീത്ത മുഴു

വനും കേട്ടുകൊണ്ടിരിക്കേണ്ട ആവശ്യമുണ്ടോ?'' അപ്പോൾ ഞാൻ പറഞ്ഞു:"ഇവരുടെ പറഞ്ഞുകഴിയുന്നത് വരെ നമ്മള് ഇവിടെ നിന്നേ പറ്റൂ."

അവരുടെ ആക്രോശവും അസഭ്യവർഷവും കേട്ടുകൊണ്ട് ഞങ്ങൾ അവിടെ നിന്നു. കുറച്ചുകഴിഞ്ഞപ്പോൾ അവിടത്തെ വല്യപ്പൻ ഞങ്ങളോട് ചോദിച്ചു: "എന്തിനാടാ വന്നത്?" അപ്പോൾ ഞാൻ, "നിങ്ങളുടെ സംസാരം കഴിഞ്ഞിട്ട് വേണം ഞങ്ങൾക്കങ്ങോട്ട് വരാൻ" എന്നു പറഞ്ഞു. അവിടത്തെ മകന്റെ ഭാര്യ എന്റെ പുറകിലായി നിന്നിരുന്ന സാംകുട്ടിസഹോദരനെ തിരിച്ചറിയുകയും അത് ഇന്നയിടത്തെ ആളാണ് എന്നു പറയുകയും ചെയ്തു. പെട്ടെന്ന് തന്നെ വല്യപ്പന്റെ പുച്ഛഭാവം മാറുകയും, "നിങ്ങളെന്തിനാ വന്നത്?" എന്ന് കുറച്ചുകൂടി സമാധാനത്തോടെ ചോദിക്കുകയും ചെയ്തു.

"നിങ്ങളുടെ സംസാരം തീർന്നെങ്കിൽ വന്ന കാര്യം പറയാം" എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം ഞങ്ങൾക്ക് ഒരു പുൽപ്പായ ആ തിണ്ണയിൽ ഇട്ടു തന്നു. ഞങ്ങൾ അവിടെയിരുന്ന് അല്പനേരം സംസാരിച്ചു. പിന്നീട് ആ വീട്ടിൽ ഒന്നര വർഷം ഞങ്ങൾ ബൈബിൾക്ലാസ്സ് നടത്തുകയുണ്ടായി. ആ സ്ഥലത്ത് (വാപ്പലശ്ശേരിയിൽ) ഇന്നൊരു സഭയുണ്ട്. ആ വീട്ടിൽ ഞങ്ങൾ ആദ്യമായി ചെന്ന ദിവസം അവർ വളരെ മോശമായ ഭാഷയിൽ പരസ്പരം സംസാരിക്കുന്നതാണ് കേട്ടത്. മദ്യം വിൽക്കുന്ന ഒരു വീടായിരുന്നു അത് എന്ന് പിന്നീട് ഞങ്ങൾക്കറിയാൻ കഴിഞ്ഞു. അവിടെയാണ് ഞങ്ങൾ ഒന്നര വർഷം ദൈവവചനം പഠിപ്പിച്ചത്.

സുവിശേഷവേലയ്ക്കുവേണ്ടി നാം പോയാൽ എന്ത് പ്രതികൂലമുണ്ടായാലും അത് സഹിക്കുക എന്നൊരു പാഠമാണ് അന്ന് ഞാൻ പഠിച്ചത്. ദൈവത്തിന്റെ വേല ചെയ്യാനായി ദൈവം അയച്ചാൽ അതിന്റെ മീതെ ശത്രു പെരുമാറുന്നത് നമുക്ക് കാണേണ്ടിവരും. "നമ്മള് ഇവിടെ നിന്ന് ഇവരുടെ ചീത്ത എന്തിന് കേൾക്കണം" എന്ന് സാംകുട്ടിസഹോദരൻ ചോദിച്ചുവെങ്കിലും പിന്നീട് അദ്ദേഹവും കുടുംബവും നിരവധി തവണ അവിടെ പോയി ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. ആ പ്രദേശത്ത് രൂപീകൃതമായ സഭാകൂടിവരവ് ഇന്നും അവിടെയുണ്ട്. ഈയിടെ ഒരു കല്യാണത്തോടുള്ള ബന്ധത്തിൽ അവിടെ ചെന്നപ്പോൾ അവിടെയുള്ള സഹോദരന്മാരെയെല്ലാം കാണുവാനും വലിയ സന്തോഷം അനുഭവിക്കാനും ഇടയായി.

### *(2) എളനാട്ടിൽ*

എന്റെ വീട്ടിൽനിന്ന് എളനാട്ടേക്ക് ഏകദേശം മുപ്പത് കിലോമീറ്റർ ദൂരമുണ്ട്. കൈയിൽ പൈസയില്ലാത്തത് നിമിത്തം, പുലർച്ച നാലു മണിക്ക് എഴുന്നേറ്റ് അങ്ങോട്ടേക്ക് നടക്കുകയാണ് പലപ്പോഴും ചെയ്തിട്ടുള്ളത്. ആദ്യനാളുകളിൽ എളനാട് പോയ വിശേഷം പറയാം. അന്ന് എന്റെ കയ്യിൽ പത്ത്

രൂപയുണ്ടായിരുന്നു. ഞാൻ എളനാട് സെന്ററിൽ ചെന്നു. അൽപം കിഴക്കോട്ട് നടന്നപ്പോൾ അവിടെ ഒരു സ്തൂപം കണ്ടു. കോൺഗ്രസ്സുകാർ ഒരു കമ്മ്യൂണിസ്റ്റുകാരനെ വെട്ടിക്കൊന്നതിന്റെ ഓർമ്മയ്ക്ക് വച്ചിട്ടുള്ളതാണ്. അപ്പോൾ ഞാൻ വിചാരിച്ചു, ഇവിടത്തെ കോൺഗ്രസ്സുകാർ വളരെ മോശമാണെന്ന്. കുറെക്കൂടി മുന്നോട്ട് പോയപ്പോൾ മറ്റൊരു സ്തൂപം കണ്ടു. അത് കമ്മ്യൂണിസ്റ്റുകാർ കോൺഗ്രസ്സുകാരനെ വെട്ടിക്കൊന്നതിന്റെ ഓർമ്മസ്തംഭമാണ്. അതിൽ ഒരാളുടെ പടം വച്ചിട്ടുണ്ട്.

ഞാൻ തിരിച്ചുവന്നപ്പോൾ ഒരു കടയിൽ ഒരു മൈക്ക്സെറ്റ്കാരൻ ഇരിക്കുന്നത് കണ്ടു. "ഒരു മണിക്കൂർ മൈക്ക്സെറ്റ് പ്രവർത്തിക്കാൻ എത്രയാനിങ്ങളുടെ ചാർജ്ജ്?" എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. "ഒരാഴ്ചയായി ആഹാരംപോലും കഴിക്കാൻ നിവൃത്തിയില്ലാതെയാണ് ഞാൻ കഴിയുന്നത്. അഞ്ച് രൂപ കിട്ടിയാലും മതി. ഞാൻ തരാൻ തയ്യാറാണ്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അവിടെ സിഐടിയുക്കാരുടെ ഒരു പന്തലുണ്ട്. അവർ വിശ്രമിക്കുന്ന സ്ഥലമാണ്. ഞാൻ ആ യൂണിയൻകാരോട്, "അല്പസമയം ഇവിടെനിന്ന് സുവിശേഷം പ്രസംഗിക്കട്ടെ" എന്നു ചോദിച്ചു. കുഴപ്പമില്ലെന്ന് അവർ പറഞ്ഞു.

ഞാൻ മൈക്ക് ഉപയോഗിച്ച് ഒരു മണിക്കൂറോളം അവിടെ പ്രസംഗിച്ചു. "നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല. എല്ലാവരും ഒരുപോലെ വഴിതെറ്റി കൊള്ളരുതാത്തവരായിത്തീർന്നു. കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരും ഒരുപോലെ കൊള്ളരുതാത്തവരാണ്. കാരണം അവർ പരസ്പരം വെട്ടിക്കൊല്ലുന്നു. ഞാൻ അതിന്റെ സ്തൂപം കണ്ടു. ആരും നീതിമാന്മാരായി ഇല്ല....." ഞാൻ അങ്ങനെ പ്രസംഗിച്ച എളനാട്ടിൽ പിന്നീട് ഒരു സഭയുണ്ടായി.

ഒരു ദിവസം ഞാൻ എളനാട്ടേക്ക് പുലർച്ച എഴുന്നേറ്റ് നടന്ന് ചെല്ലുമ്പോൾ ഏകദേശം പതിനൊന്നുമണിയായി. കിഴക്കൻവെയിലേറ്റ് എന്റെ മുഖം പൊള്ളിയിരുന്നു. അവിടെ ഒരു അച്ചാമ്മസഹോദരിയുണ്ടായിരുന്നു. രക്ഷിക്കപ്പെട്ട ഒരു സഹോദരിയായിരുന്നു അത്. അങ്ങനെ അവിടെ പലരെയും കണ്ടുമുട്ടിയാണ് അവിടെ സ്ഥലംസഭ രൂപംകൊള്ളുന്നത്. അച്ചാമ്മസഹോദരിയുടെ മകളാണ് ലിസ്സി. ഇന്ന് ലിസ്സി നിത്യതയിൽ വിശ്രമിക്കുന്നു. തയ്യലാണ് ലിസിയുടെ ജോലി. എനിക്ക് ചിലപ്പോൾ രണ്ടുരൂപ തരും. ഞാൻ തിരിച്ച് നടന്നുവന്നതിനുശേഷം പട്ടിക്കാട്നിന്ന് അരി വാങ്ങുന്നത് പലപ്പോഴും ആ രണ്ട് രൂപയ്ക്കായിരിക്കും.

ഇന്ന് സുവിശേഷരംഗത്ത് അനേകർ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ സുവിശേഷവേല എന്നു പറഞ്ഞാൽ എന്താണെന്ന് ഇന്ന് പ്രവർത്തിക്കുന്നവർക്ക് എത്രത്തോളം ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഓരോരുത്തരും ചിന്തിക്കട്ടെ. ഇന്നത്തെ സുവിശേഷപ്രവർത്തനം കേരളത്തിന്റെ മണ്ണിൽ എത്രത്തോളം

വിലപ്പോകുന്നുണ്ട് എന്നറിഞ്ഞുകൂടാ. കുരുമുളകോ, സാമ്പത്തികമോ, കാറോ, പ്രവർത്തനശേഷിയോ ഒന്നുമല്ല, സുവിശേഷപ്രവർത്തനത്തിന് പരിശുദ്ധാത്മാവിന്റെ പൂർണ്ണനിർബന്ധം ഉണ്ടാവണം. ആത്മാവ് തടുക്കുന്നിടത്ത് ഒരു പ്രവർത്തനവും വിജയിക്കയില്ല. എനിക്കും ചില സ്ഥലങ്ങളിൽ അങ്ങനെ പരാജയം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. വളരെ പ്രാർത്ഥിച്ചാണ് പോയതെങ്കിലും ആത്മാവ് സമ്മതിച്ചില്ല. പരാജയപ്പെട്ട് മടങ്ങേണ്ടിവന്നു.

ഫലകരമായ നിലയിൽ പ്രവർത്തനം നടത്താൻ പരിശുദ്ധാത്മാവിന്റെ പൂർണ്ണസാന്നിദ്ധ്യം വേണം. ഒരു തന്ത്രവും പ്രയോജനപ്പെടുകയില്ല. ഒരു പണവും പ്രയോജനപ്പെടുകയില്ല. പരിശുദ്ധാത്മാവിന്റെ നിർബന്ധവും വചനത്തിന്റെ കാര്യശേഷിയും മാത്രമാണ് ആത്മാക്കളെ നേടാനും സഭകൾ സ്ഥാപിക്കാനും ആവശ്യമായിട്ടുള്ളത്. സഭകൾ നിലനിൽക്കുക എന്നതും ഗൗരവമുള്ള കാര്യമാണ്. പല സഭകളും സ്ഥാപിക്കപ്പെട്ടുവെങ്കിലും പലതും നിലനിന്നില്ല. ക്രമപ്പെട്ടില്ല. വചനം കാത്തില്ല. വിശ്വാസം കാത്തില്ല. ജീവിത സാക്ഷ്യം കാത്തില്ല.

ഒരു കാര്യം കൂടി വായനക്കാരുമായി പങ്കുവയ്ക്കുകയാണ്. അന്ന് ഞാൻ എളനാട്ടിൽ യൂണിയൻകാരുടെ പന്തലിൽനിന്ന് മൈക്കിൽ പ്രസംഗിച്ച കാര്യം പറഞ്ഞുവല്ലോ. എന്റെ കൈയിലുണ്ടായിരുന്ന ആകെക്കൂടിയുള്ള പത്ത് രൂപ ഞാൻ മൈക്ക്സെറ്റുകാരന് കൊടുത്തു. യൂണിയൻകാർ എനിക്ക് വയർ നിറച്ച് ചായ വാങ്ങിത്തന്നു. ആ ചായയും കുടിച്ച് ഞാൻ തിരിച്ച് വീട്ടിലേക്ക് നടന്നുപോരികയായിരുന്നു. ഞാൻ എന്ന് അവിടെ ചെന്നാലും, അവിടത്തെ മഹമ്മദ്സായ്വ് എന്ന യൂണിയൻകാരൻ എനിക്ക് ചായ വാങ്ങിത്തരും. ഇപ്പോൾ അദ്ദേഹത്തിന് വയസ്സായി. പലപ്പോഴും ആ ചായയും കുടിച്ചതിനു ശേഷം തിരിച്ച് വീട്ടിലേക്ക് നടന്നുവരും. അതൊരു മഹാനുഭവമായിരുന്നു.

**(തുടരും)**

## വായിക്കുക, പ്രതികരണങ്ങൾ അറിയിക്കുക

ഞങ്ങളുടെ വായനക്കാരുടെ പ്രതികരണങ്ങൾ അറിയാൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. പല വായനക്കാരും പ്രതികരണങ്ങൾ അറിയിക്കുന്നവരാണ്. വാട്സാപ്പിൽ വോയ്സ് മെസേജ് ആയോ ടെക്സ്റ്റ് മെസേജ് ആയോ പ്രതികരണങ്ങൾ അറിയിക്കാൻ വളരെ എളുപ്പത്തിൽ സാധിക്കും. പരമാവധി രണ്ടോ മൂന്നോ മിനിറ്റ് മതിയാകും നിങ്ങളുടെ പ്രതികരണം അറിയിക്കാൻ. ഈ മാസിക പ്രസിദ്ധീകരിക്കുന്നതിന്റെ പിന്നിലുള്ള അദ്ധ്വാനത്തെ വായനക്കാർ വിലമതിക്കുകയും പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുമല്ലോ. **(എഡിറ്റർ)**

# യോനാ
## (പുസ്തകപഠനം)

4

**-എംവിഎസ്-**

### ചില പ്രാരംഭചിന്തകൾ

യേശുവിന്റെ ജനനത്തിന് 850 ൽ പരം വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവമാണ് യോനായുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാണ് പറയപ്പെടുന്നത്.

എഴുത്തുകാരൻ യോനാ തന്നെയാണെന്ന് വിശ്വസിക്കപ്പെടുന്നു. ഇത് ശരിയാണെങ്കിൽ, ഈ പുസ്തകത്തിൽ തന്റെ വീഴ്ചകൾ മടികൂടാതെ യോനാ എഴുതിയെന്ന് മനസ്സിലാക്കാം. എഴുത്തുകാരൻ യോനാ അല്ലെന്നു വന്നാലും, തന്റെ വീഴ്ചകൾ മറകൂടാതെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്ന കാര്യത്തിൽ മാറ്റം വരുന്നില്ല.

എത്ര പേരുടെ വീഴ്ചകളാണ് വേദപുസ്തകത്തിൽ എഴുതിയിട്ടുള്ളത്! അബ്രാഹാമിന്റെ, ദാവീദിന്റെ, മോശെയുടെ, ശലോമോന്റെ, പത്രൊസിന്റെ... പക്ഷേ, 'അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം' എന്ന് പല തവണ ബൈബിളിൽ പറഞ്ഞിട്ടുണ്ട്. പല നിലകളിൽ ദൈവമുമ്പാകെ വിശ്വസ്തത കാണിച്ചിട്ടുള്ളവരാണ് ഇവരെല്ലാം എന്നത് ശരി തന്നെ. പക്ഷേ അവരുടെ ഭാഗത്തെ വീഴ്ചകൾ ഗുരുതരമായിരുന്നു. ആ വീഴ്ചകൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

യിസ്ഹാക്കിനെ യാഗം കഴിക്കാൻ ഒരുങ്ങുന്ന ആ രംഗം അബ്രാഹാമിന്റെ വിശ്വാസത്തിന്റെ മാറ്റ് കൂട്ടുന്നതാണെങ്കിലും, "അബീമേലെക് ആളയച്ച് സാറയെ കൊണ്ടുപോയി" (ഉല്പത്തി 20:2) എന്നു രേഖപ്പെടുത്തിയിരിക്കുന്ന സംഭവം അബ്രാഹാമിന്റെ പേരിലുള്ള കറയായി തന്നെ അറിയപ്പെടും. സ്വന്തം ഭാര്യയെ പെങ്ങൾ എന്ന് നുണ പറഞ്ഞതും അബീമേലെക്കിന്റെ ബംഗ്ലാവിലേക്ക് അവളെ കൊണ്ടുപോകുമ്പോൾ നിശബ്ദനായി നിൽക്കുകയും ചെയ്ത അബ്രാഹാം!

വെളിമ്പ്രദേശത്ത് പ്രാർത്ഥിക്കാൻ പോയതും, യാഗപീഠത്തിൽ അനുസരണത്തോടെ കിടന്നതുമെല്ലാം യിസ്ഹാക്കിന്റെ തിളക്കം വർദ്ധിപ്പിക്കുന്നതാണെങ്കിലും, "ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചി പിടിച്ചിരുന്നതുകൊണ്ട് യിസ്ഹാക്ക് അവനെ സ്നേഹിച്ചു" (ഉല്പത്തി 25:28) എന്ന വാചകം യിസ്ഹാക്കിന്റെ ഇമേജ് ഇല്ലാതാക്കുന്നില്ലേ?

ദൈവദൂതനോട് മല്ല് പിടിച്ച് അനുഗ്രഹം വാങ്ങിയ സംഭവം യാക്കോബിന്റെ ജീവിതത്തിലെ സുവർണ്ണസംഭവം ആണെങ്കിലും, ഏശാവിന്റെ മുന്നിൽ ചുവന്ന പായസവുമായി നിന്നതും, കാഴ്ച നഷ്ടപ്പെട്ട അപ്പന്റെ അടുത്ത് ചെമ്മരിയാടിന്റെ തോലണിഞ്ഞ് ചെന്ന് അപ്പനെ കബളിപ്പിച്ചതും അനുഗ്രഹം സ്വന്തമാക്കിയതും യാക്കോബിന്റെ തിളക്കം വല്ലാതെ കുറയ്ക്കുന്നുണ്ട്.

എന്നിട്ടും ഇവരുടെയൊക്കെ ദൈവമാണെന്ന് അവകാശപ്പെടാൻ ദൈവത്തിന് യാതൊരു മടിയുമില്ല. എന്തിനാണ് ഇവരുടെയൊക്കെ വീഴ്ചകൾ ബൈബിളിൽ എഴുതിവച്ചിരിക്കുന്നത്?

(1) എത്ര ഭക്തനായാലും അവന് വീഴ്ചകൾ ഉണ്ട് എന്ന് മനസ്സിലാക്കാൻ;

(2) ഇതുപോലെ കുറവുകൾ ഉള്ളവനെയാണ് ദൈവം സ്നേഹിച്ചത് എന്നു മനസ്സിലാക്കാൻ;

(3) നമ്മുടെ വീഴ്ചകളിൽ നിരാശപ്പെടാതെ നാം തിരിച്ചുവരാൻ;

(4) മനുഷ്യരുടെ മഹത്വമല്ല, ദൈവത്തിന്റെ മഹത്വം വെളിപ്പെടേണ്ടതിന്.

യോനായുടെ പുസ്തകം വായിക്കുന്നവന് യോനയോടല്ല മതിപ്പ് തോന്നുന്നത്, ദൈവത്തോടാണ്. ദൈവവചനം വായിക്കുമ്പോൾ, ദൈവത്തെ കേന്ദ്രീകരിച്ച് വായിക്കുന്നവന്, ദൈവം എത്ര വലിയവൻ, സ്നേഹവാൻ എന്നൊക്കെ മനസ്സിലാക്കാൻ കഴിയും. കൊള്ളരുതാത്തവരായ എത്ര വ്യക്തികളെയാണ് ഈ ദൈവം സ്നേഹിച്ചിട്ടുള്ളത്!

**മത്തായി 12:38 –41**

*"...ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും.... ഇതാ ഇവിടെ യോനായിലും വലിയവൻ"*

ഈ വേദഭാഗത്ത് യോനാ വില്ലനാണോ അതോ ഹീറോയാണോ? നമ്മെ അത്ഭുതപ്പെടുത്തുന്ന കാര്യം, ഈ ഭാഗത്ത് യോനയെ ഹീറോ ആയാണ് ചിത്രീകരിച്ചിരിക്കുന്നത് എന്നതാണ്. കാരണം,

(1) യോനാ എന്നു പറയാതെ യോനാപ്രവാചകൻ എന്ന് പറഞ്ഞിരിക്കുന്നു;

(2) കടലാനയുടെ വയറ്റിൽ യോനാ കിടന്നത് യേശു കല്ലറയിൽ കിടന്ന തിന്റെ സാദൃശ്യമാണെന്നു പറഞ്ഞിരിക്കുന്നു;

(3) ഇതാ, ഇവിടെ യോനായിലും വലിയവൻ എന്നു കർത്താവ് പറ ഞ്ഞു. അപ്പോൾ യോനായും വലിയവനാണ്!

യേശുവിനെ കല്ലറയിൽ അടക്കം ചെയ്യുന്നതിന്റെ സാദൃശ്യമായി യോനാ യുടെ സംഭവമാണ് യേശു പറയുന്നത്. അത് അടയാളം ആണത്രേ! യോനാ അനുസരണം കാണിച്ച് ആദ്യം തന്നെ നിനെവേയിലേക്ക് പോയിരുന്നുവെ ങ്കിൽ ഈ അടയാളം ലഭിക്കുമായിരുന്നോ? യോനായുടെ തെറ്റ് തെറ്റ് തന്നെ യാണ്. പക്ഷേ യോനാ അനുതപിച്ചപ്പോൾ ആ തെറ്റിൽനിന്നും മനോഹര മായ ഒരു പുഷ്പം ദൈവം വിരിയിച്ചെടുക്കുന്നു. യേശുവിന്റെ കല്ലറവാസ ത്തിന്റെ സാദൃശ്യമായി അതിനെ ചിത്രീകരിച്ചിരിക്കുന്നു!

നമ്മുടെ തെറ്റുകളെക്കുറിച്ച് നാം അനുതപിക്കുമ്പോൾ, ദൈവം ആ തെറ്റുകളിൽനിന്നും മനോഹരമായ റിസൽട്ട് ഉണ്ടാക്കും. നാം എടുത്ത തീരു മാനങ്ങൾ ചിലപ്പോൾ തെറ്റാകാം. ആ തീരുമാനത്തിൽ ഒരു തിരുത്തൽ (എ ഡിറ്റിംഗ്) സാധ്യമല്ലാതിരിക്കാം. പക്ഷേ ദൈവത്തോട് ക്ഷമ ചോദിക്കുമ്പോൾ, ദൈവം ആ ചീഞ്ഞുനാറുന്ന തെറ്റുകളിൽനിന്നും സുഗന്ധം പുറപ്പെടുവി ക്കും. തെറ്റുകളുടെ ആ ചവറുകൂനയിൽനിന്നും ചില രത്നങ്ങൾ ഉണ്ടാക്കും. ഒരു ചിത്രകാരൻ അബദ്ധവശാൽ ഒലിച്ചിറങ്ങിയ ചായത്തിൽനിന്നും മനോ ഹരമായ പുഷ്പമോ ഇലയോ വരച്ചെടുക്കുന്നതുപോലെ!

ദാവീദിന്റെ തെറ്റ് മൂലം ദൈവക്രോധം ആളിക്കത്തിയ സ്ഥലത്താണ് മനോഹരമായ ദൈവാലയം നിർമ്മിക്കപ്പെട്ടത് (2 ശമൂവേൽ 24:16–18; 2 ദിന വൃത്താന്തം 3:1). ദാവീദിന്റെ തെറ്റായ വഴിയിലൂടെയുള്ള യാത്രയിലാണ് ശലോമോൻ ജനിക്കുന്നത്. പക്ഷേ ആ ശലോമോനിലൂടെയാണ് യേശുവിന്റെ വംശാവലി തുടരുന്നത് (മത്തായി 1:6). നമ്മുടെ എത്രയോ തെറ്റുകളിൽനി ന്നും, നാം അവയെക്കുറിച്ച് മാനസാന്തരപ്പെട്ടപ്പോൾ, മനോഹരമായ റിസൽട്ട് ഉണ്ടാക്കിയിരിക്കുന്നു ഈ സ്നേഹവനായ ദൈവം!

നാം പലതിലും തെറ്റിപ്പോകുന്നു. ചിലപ്പോൾ അറിവില്ലായ്മകൊണ്ട്, ചില പ്പോൾ അശ്രദ്ധ കൊണ്ട്, ചിലപ്പോൾ അഹങ്കാരം കൊണ്ട്, ചിലപ്പോൾ കോപംമൂലം, ചിലപ്പോൾ അലസത മൂലം....

തെറ്റ് സംഭവിച്ചാൽ എത്രയും പെട്ടെന്ന് മടങ്ങിവരിക. ദൈവത്തിൽ ശര ണപ്പെടുക. കർത്താവിന്റെ രക്തത്തിൽ ആശ്രയിക്കുക. ദൈവം കരുണാസ മ്പന്നനാണ്. നമ്മോട് ക്ഷമിക്കും. ചിലപ്പോൾ ആ സാഹചര്യത്തിൽനിന്നും മനോഹരമായ ഒരു ഫലമുണ്ടാക്കിയെന്നും വരാം.

**(തുടരും)**

# ഇമ്മാനുവിന്റെ സംശയങ്ങൾ

44

**എംവിഎസ്**

## ഇമ്മാനുവിന്റെ ഇഷ്ക്!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

ഇമ്മാനു...

വട്ടാണവന്...വടിയെടുത്ത് ശരിക്കൊരെണ്ണം കൊടുത്താൽ ചത്തുപോകും. അതുകൊണ്ട് ഞാൻ ക്ഷമിക്കുന്നുവെന്ന് മാത്രം. എത്രയായാലും അവൻ എന്റെ മോനായിപ്പോയില്ലേ?

നാലാം ക്ലാസിലാണ്. പക്ഷേ അവന്റെ കൈയിലിരുപ്പ് കണ്ടാൽ...

''പപ്പാ, ക്ലാസ്സ്ടീച്ചർ പപ്പേനേ കാണണംന്ന് പറഞ്ഞിട്ടുണ്ട്"

"നീ വല്ല കുരുത്തക്കേടും ഒപ്പിച്ചോടാ?"

"ഇല്ല..." മുഖത്ത് നിഷ്കളങ്കഭാവം വേണ്ടോളം കാണിച്ചുകൊണ്ടാണ് ഇമ്മാനു ഇത് പറഞ്ഞത്. നടനാണവൻ.

സ്കൂളിൽ ചെന്നപ്പോൾ, ക്ലാസ്സ്ടീച്ചറായ സിസ്റ്റർ പെട്രീഷ്യ കലിതുള്ളി എന്നോട്: "നിങ്ങള് വല്യ പ്രാർത്ഥനക്കാരല്ലേ? മോന് അതിന്റെ ഗുണോം മണോം ഒന്നുമില്ലല്ലോ"

തിരക്കുള്ള ബസ്സ്റ്റാൻഡിൽ നിൽക്കുമ്പോൾ പെട്ടെന്ന് വീശിയടിച്ച കാറ്റിൽ ഉടുമുണ്ട് നഷ്ടപ്പെട്ടവൻ നിൽക്കുന്നതുപോലെ ഞാൻ അവിടെ നിന്നു.

''എന്താണ് സിസ്റ്റർ ഇമ്മാനു ഉണ്ടാക്കിയ പ്രശ്നം?" വല്ലാതെ പുഴുത്തുനാറിയ പ്രശ്നമാവരുതേ എന്ന പ്രാർത്ഥനയോടെ ഞാൻ ചോദിച്ചു.

"അവര് നാല് പിള്ളേര് ചേർന്ന് ഒരു ഗ്രൂപ്പുണ്ടാക്കിയിട്ടുണ്ട്. ഇഷ്ക് എന്നാണതിന്റെ പേര്. ഇഷ്ക് എന്നു പറഞ്ഞാൽ എന്താ അർത്ഥം ന്ന് അറിയ്യോ?"

അറിയില്ലെന്ന് ഞാൻ തോൾ കുലുക്കിക്കാണിച്ചു.

''ബെസ്റ്റ് പപ്പാ! ഇഷ്ക് എന്നു വച്ചാൽ പ്രേമം, പ്രണയം എന്നൊക്കെയാണ് അർത്ഥം." ഇതും പറഞ്ഞ്, സിസ്റ്റർ തന്റെ കഴുത്തിൽ കിടക്കുന്ന കൊന്തയുടെ അറ്റത്ത് കിടക്കുന്ന കരിശെടുത്ത് മുത്തി.

ഞാൻ കുന്തം വിഴുങ്ങിയതുപോലെ നിൽക്കുന്നത് കണ്ടിട്ട്, സിസ്റ്റർ ആവേശത്തോടെ തുടർന്നു:

"ഇഷ്ക് ടീമിലുള്ള നാല് പേരും ഒരുമിച്ച് നടക്കും. നാല് പേരും ചേർന്ന് ചെറിയ രീതിയിൽ ഗുണ്ടായിസവും കാണിക്കുന്നുണ്ട്. പിന്നെ നാല് പേരും ഒത്തിട്ട് പഠിക്കാതെ വരും. സ്കൂളിൽ ഒരു ശല്യം പോലെയായി"

ഞാൻ അവനെ രൂക്ഷമായി നോക്കി. വീട്ടിൽ വരട്ടെ, അവിടെവച്ച് തരാം എന്നൊരു സന്ദേശം അതിലുണ്ടായിരുന്നു.

സ്കൂൾ വിട്ട്, അവൻ പമ്മി പമ്മി വീട്ടിലേക്ക് വന്നു.

"ഡാ, ഇവിടെ വാഡാ..." ഞാൻ അലറി.

അവൻ പരുങ്ങിപരുങ്ങി അടുത്തു വന്നയുടനെ ഞാനൊരെണ്ണം കൊടുത്തി. രണ്ടാമതൊന്ന് കൂടി കൊടുക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്കും അവൻ ഉറക്കെ കരഞ്ഞുകൊണ്ട് പുറത്തേക്കോടി.

ഇവന്റെ കരച്ചിൽ കേട്ട്, അയൽവാസികളും ആജന്മശത്രുക്കളുമായ അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും ഓടിവന്നു.

ചൂലുംകെട്ടുമായി പാഞ്ഞുവന്ന എന്നെ അന്ത്രോസ്ബ്രദർ തടഞ്ഞു.

"സമാധാനപ്പെട് ബ്രദറേ... നമുക്ക് പരിഹാരമുണ്ടാക്കാം"

ഞാൻ എല്ലാ കാര്യവും വിശദീകരിച്ചുപറഞ്ഞു. അപ്പോഴേക്കും ഇമ്മാനുവിന്റെ അമ്മ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു: "എന്റെ ഇമ്മാനു വഴി തെറ്റി, ഇറ്റ്യാനംചേടത്തി..."

"നിങ്ങള് നാലുപേർക്കും ഇഷ്ക് ഉള്ളത് ഒറ്റ പെൺകുട്ടിയോടാണോ, ഇമ്മാനു?" ഇറ്റ്യാനംചേടത്തി ഇത് ചോദിച്ചപ്പോൾ, അവൻ പറയാൻ പോകുന്ന ഉത്തരം കേൾക്കാൻ ശക്തിയില്ലാതെ ഞാൻ നിന്നു.

ഇമ്മാനുവിന്റെ മറുപടി: "പ്രേമോം പ്രണയോം ഒന്നുമല്ല. ഞങ്ങളുടെ ടീമിന്റെ പേരാണത്"

"വേറെ പേരൊന്നും കിട്ടീല്ലെടാ?" അവന്റെ അമ്മ ചോദിച്ചു.

"മമ്മീ, ഞങ്ങളുടെ നാലുപേരുടെ പേരിന്റെ ആദ്യത്തെ അക്ഷരം ഉപയോഗിച്ചാണ് ഗ്രൂപ്പിന് പേരിട്ടത്. ഷാരോൻ, ഹരിദാസ്, കാർത്തിക് എന്നിവരാണ് എന്റെ കൂട്ടുകാർ. ഞാൻ എഴുതി കാണിച്ചുതരാം" ഇതും പറഞ്ഞ് ഒരു പുസ്തകത്തിൽ എഴുതാൻ തുടങ്ങി.

I m m a n u
S h a r o n
H a r i d a s
K a r t h i k

"ഇതാണോ ഇഷ്ക്? വെറുതെ ഇമ്മാനുട്ടനെ നിങ്ങളെല്ലാരുംകൂടി തെറ്റിദ്ധരിച്ചു"

ഇറ്റ്യാനംചേടത്തി ഇതും പറഞ്ഞിട്ട് ഇമ്മാനുവിനെ ചേർത്തുപിടിച്ചു.

മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം. മൂപ്പൻ വന്നയുടനെ കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞു. എല്ലാം കേട്ട്, മൂപ്പൻ ഇമ്മാനുവിനോട് പറഞ്ഞു:

"ഇമ്മാനു നമുക്ക് ഇത്തരം തെറ്റായ ഫ്രണ്ട്ഷിപ്പ് വേണ്ട. കൂട്ടുകാരൊക്കെയാകാം. പക്ഷേ കൂട്ടുകെട്ടുകൾ വെറും ഗ്രൂപ്പായി അധഃപതിക്കരുത്. വിലപേശാനും ഗുണ്ടായിസം കാണിക്കാനും ആയി ചിലർ എവിടെയും ഗ്രൂപ്പുകളുണ്ടാക്കും. അതുപോലെ നാം ഒരിക്കലും ആകരുത്." ഇമ്മാനു തലയാട്ടി.

മൂപ്പൻ തുടർന്നു: "സഭയിൽ ചിലർ ഗ്രൂപ്പുണ്ടാക്കും. എന്നിട്ട് ഗ്രൂപ്പിലില്ലാത്തവരെ ഒതുക്കാൻ നോക്കും. സ്വന്തം ഗ്രൂപ്പിന്റെ ആൾബലത്തിൽ വിലപേശാനും തങ്ങൾക്ക് താത്പര്യമുള്ള കാര്യങ്ങൾ മാത്രം നടപ്പിലാക്കാനും നോക്കും. ഇമ്മാനു ഈ ചെറുപ്രായത്തിൽ ഈ സ്വഭാവം കാണിച്ചാൽ, വലുതാകുമ്പോൾ ദൈവസഭയിലും ഗ്രൂപ്പുണ്ടാക്കും. അതുകൊണ്ട് തിരുത്തണം. നല്ല കുട്ടിയാകണം."

പ്രതികരിക്കാതെ നിൽക്കുന്ന ഇമ്മാനുവിനെ കണ്ടപ്പോൾ എനിക്ക് അരിശം വന്നു. ഞാൻ അലറി: "അവന്റെ മണ്ട തല്ലിപ്പൊട്ടിക്കണം."

മൂപ്പൻ എന്നോട് ശാന്തനാകാൻ പറഞ്ഞു. അങ്കക്കലി പൂണ്ട് നിൽക്കുന്ന എന്റെ രൗദ്രഭാവം കണ്ട് പേടിച്ചുപോയ ഇമ്മാനു കരഞ്ഞുകൊണ്ട് പറഞ്ഞു. "ഇനി ഞാൻ ഒരു നല്ല കുട്ടിയായിക്കോളാം."

ശുഭം. എല്ലാം മംഗളമായി അവസാനിച്ചു.

അപ്പോഴാണ് അന്തവും കുന്തവും ഇല്ലാത്ത അന്ത്രോസ്ബ്രദറ് വിഷയം മാറ്റാനായി ഒറ്റ ചോദ്യം: "ഇന്ന് ഇമ്മാനുട്ടന് സംശയം ഒന്നൂല്യ?"

ഞാൻ അറിയാതെ ദൈവമേ എന്നു വിളിച്ചുപോയി.

ആവേശം കത്തിക്കയറിയ ഇമ്മാനു സംശയത്തിന്റെ പൊതിക്കെട്ട് അഴിച്ചു.

"മൂപ്പനങ്കിൾ, ഞങ്ങടെ സ്കൂളിൽ കളിച്ച ഏക്ഷൻസോങ് ഞാനൊന്നു കളിക്കുന്നത് നോക്ക്" എന്നും പറഞ്ഞ് ഇമ്മാനു ആക്ഷൻസോങ് കളിക്കാൻ തുടങ്ങി:

*ഉണ്ടക്കണ്ണുള്ള സാത്താനേ,*
*നിന്നെ എനിക്ക് വേണ്ടാട്ടോ*
*പുറകിൽ വാലുള്ള സാത്താനേ,*
*നിന്നെ എനിക്ക് വേണ്ടാട്ടോ*

"സൂപ്പർ!" ഇറ്റ്യാനംചേടത്തി ഇമ്മാനുവിനെ അഭിനന്ദിച്ചു.

അപ്പോഴാണ് ഇമ്മാനുവിന്റെ സംശയം: "സാത്താന് ഉണ്ടക്കണ്ണുണ്ടെന്നും പിന്നിൽ വാലുണ്ടെന്നും പറയുന്നത് ശരിയാണോ?"

സാത്താനെക്കുറിച്ചുള്ള പഠനത്തിൽ ഡോക്ടറേറ്റ് എടുത്തിട്ടുള്ള ആളെപ്പോലെ ഇറ്റ്യാനംചേടത്തി മറുപടി പറഞ്ഞു: ''ഉണ്ടക്കണ്ണും വാലും മാത്രമല്ല കോന്ത്രപ്പല്ലും തലയിൽ രണ്ടു കൊമ്പും ഉണ്ട്."

"ഉണ്ടോ മൂപ്പനങ്കിൾ?" ഇമ്മാനു മൂപ്പനെ നോക്കി.

മൂപ്പൻ ചിരിച്ചുകൊണ്ട് പറഞ്ഞു: "പിശാചിന് ഇമ്മാതിരി വികൃതവും ഭയാനകവുമായ രൂപമാണെന്ന് ബൈബിളിൽ ഒരിടത്തുമില്ല."

"അപ്പോൾ ഇറ്റ്യാനം വച്ച് കാച്ചിയതോ?" അന്ത്രോസ്ബ്രദർ കിട്ടിയ അവസരമെടുത്ത് ഇറ്റ്യാനംചേടത്തിയെ ആക്രമിച്ചു. ''ഉണ്ടക്കണ്ണ്... വാല്... കോന്ത്രപ്പല്ല്... കൊമ്പ്... ഇതൊക്കെ ആർക്കാ ഇറ്റ്യാനം ഉള്ളത്?"

"നെനക്ക് തന്നെ അന്ത്രോസേ" ഇറ്റ്യാനത്തിന്റെ കൗണ്ടർ!

# ദൈവദാസൻ

ചെറുകഥ

-എംവിഎസ്-

രണ്ടു ദിവസം താമസിച്ചുള്ള ക്യാമ്പായിരുന്നു അത്. ജോണിബ്രദർ വളരെ സന്തോഷത്തോടെ ആ ക്യാമ്പിൽ പങ്കെടുക്കാനായി എത്തിയിട്ടുണ്ട്. ജോണിബ്രദർ വിശ്വാസത്തിലേക്ക് വന്നിട്ട് അധികം കാലമായിട്ടില്ല.

പാട്ടും പ്രാർത്ഥനയും പ്രബോധനവും...

ജോണിബ്രദർ എല്ലാം ആസ്വദിക്കുന്നുണ്ടായിരുന്നു.

''ഇന്ന് ഉച്ചയ്ക്ക് ദൈവദാസൻ വരും'' അടുത്തിരുന്ന വിജയൻ സഹോദരൻ പതുക്കെ പറഞ്ഞു.

"ദൈവദാസനോ! നമ്മളൊക്കെ ദൈവദാസന്മാരല്ലേ?" ജോണിബ്രദറിന്റെ നിഷ്കളങ്കമായ ചോദ്യം കേട്ട് വിജയൻസഹോദരൻ ചിരിച്ചു.

"നമ്മളൊന്നും ദൈവദാസന്മാരല്ല. നമ്മളൊക്കെ സാധാ വിശ്വാസികൾ. വലിയ വലിയ പ്രസംഗകന്മാരെയാണ് ദൈവദാസന്മാർ എന്നു വിളിക്കുന്നത്" വിജയൻസഹോദരൻ വിശദീകരിച്ചു.

"ഇനീം ഞാൻ കൂടുതലായി പറഞ്ഞുതരാം'' വിജയൻസഹോദരൻ നല്ല ആവേശത്തിലാണ്. ''സാധാ വിശ്വാസികൾ രണ്ട് തരത്തിലുണ്ട്. ബ്രദർമാരും സഹോദരന്മാരും. പഠിപ്പും വെവരോം ഉള്ളവര് ബ്രദറ്മാര്, അല്ലാത്തവര് സഹോദരന്മാര്..."

അപ്പറഞ്ഞത് ശരിയാണെന്ന ഭാവത്തിൽ ജോണിബ്രദർ തലയാട്ടി. കാരണം ജോണിബ്രദർ എന്നു തന്നെ വിളിക്കുന്നവർ വിജയൻബ്രദർ എന്നു പറയാറില്ല. വിജയൻസഹോദരൻ എന്നാണ് വിളിക്കുന്നത്.

"ദൈവദാസൻ എപ്പോഴും ഉപവാസവും പ്രാർത്ഥനയുമായി കഴിയുന്ന ആളാണ്." വിജയൻസഹോദരനിലെ 'അന്തംപെന്തോ' ഉണർന്നെഴുന്നേറ്റു.

(തങ്ങളുടെ നേതാക്കന്മാരെ പുകഴ്ത്തിയും അവരുടെ തെറ്റുകളെ ന്യായീകരിച്ചും നടക്കുന്നവർ, തങ്ങളുടെ പ്രസ്ഥാനത്തെ അന്ധമായി പിൻപറ്റുന്നവർ എന്നിവരെയെല്ലാം അന്തം.... എന്നാണ് ഇപ്പോൾ വിളിക്കുന്നത്. അവർ കോൺഗ്രസ്സുകാരാണെങ്കിൽ 'അന്തം കൊങ്ങി' എന്നും കമ്മ്യൂണിസ്റ്റുകാരാണെങ്കിൽ 'അന്തം കമ്മി' എന്നും വിളിക്കും)

"ദൈവദാസൻ ഏത് സമയവും മുഴങ്കാൽയുദ്ധം നടത്തുന്നയാളാണ്."

വിജയൻസഹോദരൻ ഇങ്ങനെ പറഞ്ഞപ്പോൾ ജോണിബ്രദറിന് കാര്യം പിടികിട്ടിയില്ല. 'അന്തംപെന്തോ' ആയ വിജയൻസഹോദരൻ വിശദീകരിച്ചു:

''ഏത് സമയവും പ്രാർത്ഥനയാണ്, മുഴങ്കാലിൽനിന്നുകൊണ്ടുള്ള പ്രാർത്ഥനായുദ്ധമാണ്."

ജോണിബ്രദർ കൗതുകത്തോടെ കേട്ടുകൊണ്ടിരിക്കയാണ്.

"എന്റെ ജോണിബ്രദറേ, ഒരു ദെവസം ഞാൻ ദൈവദാസന്റെ വീട്ടിൽ ചെന്നപ്പോൾ, കൊച്ചമ്മ എന്നോട് പറഞ്ഞു, പാഷ് മോളിലത്തെ റൂമിലുണ്ടെന്ന്..."

(മാസ്റ്ററിനെ മാഷ് എന്നു വിളിക്കുന്നതുപോലെ പാസ്റ്ററിനെ പാഷ് എന്നു വിളിക്കുന്നു)

"...ഞാൻ മോളിലത്തെ റൂമിൽ ചെന്നു നോക്കിയപ്പോൾ കണ്ട കാഴ്ച!"

"ഹെന്താണത്?"

"ന്റെ ബ്രദറേ, പാഷ് മുഴങ്കാലിൽനിന്ന് എനിക്ക് വേണ്ടി ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പിടിച്ചുപറിച്ചുവാങ്ങുന്ന കാഴ്ചയാണ് ഞാൻ കണ്ടത്..."

ഇത്രയും പറഞ്ഞപ്പോഴേക്കും വിജയൻസഹോദരന്റെ തൊണ്ട ഇടറി.. കണ്ണുകൾ നിറഞ്ഞു...

കണ്ണുകൾ തുടച്ചതിനുശേഷം, തൊണ്ട ശരിയാക്കിയതിനുശേഷം വിജയൻസഹോദരൻ തുടർന്നു:

"എന്റെ രണ്ട് മക്കൾക്കും പേരിട്ടത് ദൈവദാസനാണ്. ദൈവാത്മാവ് ചൊമരിൽ എഴുതിക്കാണിച്ചുകൊടുത്തതാണത്രേ!"

"എന്തൊക്കെയാ വിജയൻസഹോദരന്റെ മക്കളുടെ പേരുകള്?"

"മൂത്തവൻ മെഥൂശലേഹ്, രണ്ടാമത്തവൻ മെഫീബോശെത്ത്.. എനിക്കുവേണ്ടി മുഴങ്കാൽയുദ്ധം നടത്തുന്ന നേരത്ത് ദൈവാത്മാവ് ചൊമരിൽ എഴുതിക്കാണിച്ചുകൊടുത്തു"

"പാഷിന്റെ മക്കളുടെ പേരുകൾ എന്തൊക്കെയാണെന്ന് അറിയോ?" ജോണിബ്രദറിന് വീണ്ടും കൗതുകം.

"അറിയാം, അറിയാം. മൂത്തത് മിട്ടു, രണ്ടാമത്തത് ടുട്ടു... ഫുൾ നെയിമ്... മൂത്തത് മിട്ടു പീലിപ്പോസ്, രണ്ടാമത്തത് ടുട്ടു പീലിപ്പോസ്..."

ജോണിബ്രദർ പെട്ടെന്നു ചിരിച്ചുപോയി.

"എന്താ ചിരിച്ചത്?"

"അല്ല. സ്വന്തം മക്കൾക്ക് പേരിടുമ്പോൾ മുഴങ്കാൽയുദ്ധവും ചുമരിൽ എഴുതിക്കാണിക്കലും ഒന്നും ഉണ്ടായില്ല. മിട്ടും ടുട്ടും... നാട്ടുകാരുടെ മക്കൾക്ക് പേരിടുമ്പോൾ, ട്രൗസറ് കീറിപ്പോകുന്ന തരത്തിലുള്ള പേരുകളും... മെഥൂശലേഹും മെഫീബോശെത്തും..."

'അന്തംപെന്തോ' ആയ വിജയൻ സഹോദരന് അതത്ര ഇഷ്ടപ്പെട്ടില്ല.

"ജോണിബ്രദറേ, ദൈവദാസന്മാരെ കളിയാക്കരുത്. ഒരിക്കൽ ഈ ദൈവദാസൻ കാറിൽ കയറിയിരുന്നപ്പോൾ, ആ കാറിൽ കയറാൻ മറ്റുള്ളവർ ഡോറിൽ പിടിച്ചപ്പോൾ അവർക്ക് ഷോക്കടിച്ചു. കാറ് വെറയ്ക്കുകയായിരുന്നുവത്രേ! പരിശുദ്ധാത്മാവിന്റെ അത്രേം നെറവ് ഈ ദൈവദാസനുണ്ട്. മനസ്സിലായോ?"

ജോണിബ്രദർ തലയാട്ടി. എന്നിട്ട് മനസ്സിൽ പറഞ്ഞു: കറന്റ്ദാസൻ!

# ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

17

## അമ്മയും കുട്ട്യോളും!

താരസംഘടനയായ ‘അമ്മ’യും അതിന്റെ കുട്ടികളും (നടീനടന്മാരും) വല്ലാത്ത അവസ്ഥയിലായിപ്പോയി. ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് വെളിച്ചം കണ്ടതോടുകൂടിയാണ് ഈ കണ്ടം വഴിയുള്ള പരക്കംപാച്ചൽ തുടങ്ങിയത്. മലയാള ചലച്ചിത്രമേഖലയിലെ ലിംഗവിവേചനത്തിന്റെയും ലൈംഗികാതിക്രമങ്ങളുടെയും കഥകളാണ് ജസ്റ്റിസ് ഹേമക്കമ്മിറ്റി പുറത്ത് കൊണ്ടുവന്നത്. 2017 ൽ രൂപീകരിക്കപ്പെട്ട ഈ കമ്മിറ്റി 2019 ഡിസംബറിൽ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചുവെങ്കിലും, 2024 ആഗസ്റ്റ് 19 ന് മാത്രമാണ് സർക്കാർ ആ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

റിപ്പോർട്ടിന്റെ പ്രസിദ്ധീകരണത്തിൽ വന്ന ഈ കാലതാമസത്തെ സംശയത്തോടെ കാണുന്നവരുണ്ട്. വേണ്ടപ്പെട്ടവരെ സംരക്ഷിക്കാൻ ഉന്നതങ്ങളിൽ പിടിപാടുള്ളവർ നടത്തിയ ചരടുവലിയുടെ അനന്തരഫലമായാണ് ഈ വൈകിപ്പിക്കൽ എന്നാണ് ആക്ഷേപം. ഡബ്ല്യുസിസി പോലുള്ള വനിതാസംഘടനയുടെയും മറ്റും സമ്മർദ്ദം മൂലമാകാം ഗത്യന്തരമില്ലാതെ ആ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് എന്നു ചിന്തിക്കുന്നവരുമുണ്ട്. ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടതോടുകൂടി മലയാളസിനിമാലോകത്തുണ്ടായ കോളിളക്കം കണ്ട് കേരളജനത അന്തംവിട്ട് നിൽക്കുകയാണ്.

സിനിമാരംഗത്തെ ദുഷ്പ്രവണതകൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. എത്രയോ സ്കൂൾ-കോളേജ് കുട്ടികളെ സിനിമയുടെ ഗ്ലാമർലോകത്തേക്ക് കൊണ്ടുവന്ന്, അവരുടെ ജീവിതം കശക്കിയെറിഞ്ഞിട്ടുള്ള പാരമ്പര്യം സിനിമാലോകത്തിനുണ്ട്. മലയാളസിനിമയും മോശമല്ല. ഉർവ്വശി-കല്പന-കലാരഞ്ജിനിസോഹദരിമാരുടെ ഇളയ സഹോദരൻ പ്രിൻസ് (നന്ദു) 17-ാംവയസ്സിൽ ആത്മഹത്യ ചെയ്തതിന്റെ കാരണം മറ്റൊന്നല്ല. പതിനാറ് വയസ്സ് മാത്രമുണ്ടായിരുന്ന ആ പയ്യനെ ഒരു അശ്ലീലപടത്തിൽ അഭിനയിപ്പിക്കുകയും ആ പടം ഇന്ത്യ മുഴുവൻ ഹിറ്റാവുകയും ചെയ്തു. അധികം താമസിയാതെ അവൻ ആത്മഹത്യ ചെയ്തു. ആ സിനിമയിലെ നായികയായി അഴിഞ്ഞാടിയ സിൽക്ക്സ്മിതയും പിന്നീട് ആത്മഹത്യ ചെയ്തു.

കാലം കരുതിവച്ച കാവ്യനീതിപോലെ, ആ സിനിമയുടെ സംവിധായകനായ തുളസീദാസിനെതിരെ ഇപ്പോൾ ചില നടിമാർ പരാതിയുമായി വന്നിരിക്കുന്നു! പേര് തുളസീദാസ്, കയ്യിലിരുപ്പും പേരുമായി ഒരു ബന്ധവുമില്ല. ഓരോരോ ജന്മങ്ങള്!

## www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th September 2024

Posted at
Thrissur RMS

**ആനുകാലികം**

## ഓണവും കൊള്ളയും!

ഓണത്തിന് ഗൾഫ്‌രാജ്യങ്ങളിൽനിന്ന് പലരും നാട്ടിലേക്ക് വരുന്നത് പതിവാണ്. ഓണാവധി നാട്ടിൽ കുടുംബത്തോടൊപ്പം ആഘോഷിക്കാൻ വേണ്ടി നിരവധി പേരാണ് ടിക്കറ്റ് ബുക്ക് ചെയ്യുക. ഈ അവസരം മുതലെടുത്തുകൊണ്ട് വിമാനക്കമ്പനികൾ ടിക്കറ്റ് നിരക്ക് കുത്തനെ ഉയർത്തി, വൻലാഭം കൊയ്യാനായി ശ്രമിക്കുന്നു. കൊള്ളയുടെ ഈ മുഖം കണ്ടില്ലെന്നു നടിക്കാൻ അധികാരികൾക്ക് എങ്ങനെ കഴിയുന്നു? ഇത് സംബന്ധിച്ച പത്രവാർത്ത ഇതാ:

> ഓണക്കാലത്ത് ഗൾഫ് രാജ്യങ്ങളിൽനിന്ന് കേരളത്തിലേക്കുള്ള വിമാനയാത്രക്കൂലി ക്രമാതീതമായി ഉയർത്തുന്നത് നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡുവിന് കത്തെഴുതി. പല കമ്പനികളും ടിക്കറ്റ് നിരക്ക് 25% വരെ വർദ്ധിപ്പിച്ചതു മൂലം പലരും യാത്ര റദ്ദാക്കുവാൻ നിർബന്ധിതരാകുന്നു. ഓണത്തിന് കുടുംബത്തോടൊപ്പം കഴിയാനുള്ള അവകാശം നിഷേധിക്കപ്പെടുന്ന കേരളീയരുടെ ബുദ്ധിമുട്ട് കേന്ദ്രം മനസ്സിലാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. *(2024 ആഗസ്റ്റ് 27 ലെ പത്രവാർത്ത)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V